# “ഏക സ്നാനം”

“സ്നാനം ഒന്നു” എന്നു പൗലൊസ് എഴുതി (എഫെസ്യർ 4:5). രണ്ടു സ്നാനവും ഈ “ഏക സ്നാനത്തിലേക്കു” യോഗ്യമാക്കുന്നതായി കരുതപ്പെടുന്നുണ്ട്. അതു പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനവും വെള്ളം കൊണ്ടുള്ള സ്നാനവുമാണ്. രണ്ടു സ്നാനവും തമ്മിൽ ഒരു താരതമ്യപഠനം നടത്തിയാൽ “ഏകസ്നാനം” ഏതെന്നു നമുക്കു തീരുമാനിക്കുവാൻ പറ്റും, പൗലൊസ് എഴുതുമ്പോൾ ആ ഏക സ്നാനം നിലനില്ക്കുന്നുണ്ട്, അതു നൂറ്റാണ്ടുകളോളം തുടരുകയും ചെയ്യും. ഇതിനെ സംബന്ധിച്ചു - തീർച്ചപ്പെടുത്തുവാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തുന്നതു സഹായകരമാകും:

1. *ആരാണ് പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കഴിപ്പിച്ചത്, ആരാണ് വെള്ളത്തിൽ സ്നാനം കഴിപ്പിച്ചത്?*

തനിക്കു പിന്നാലെ വരുന്നവനായ - യേശു - പരിശുദ്ധാത്മാവു കൊണ്ടു സ്നാനം കഴിപ്പിക്കും എന്നാണ് യോഹന്നാൻ സ്നാപകൻ പറഞ്ഞത് (മത്തായി 3:11). സ്നാനപ്പെടുത്തി സകലജാതികളെയും ശിഷ്യരാക്കികൊൾവിൻ എന്നാണ് യേശു ശിഷ്യന്മാരോടു പറഞ്ഞതു (മത്തായി 28:19). മനുഷ്യൻ കൊടുക്കുന്ന ഏതു സ്നാനവും ജലസ്നാനമാണ്, കാരണം മനുഷ്യന് പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം കൊടുക്കാൻ സാധ്യമല്ല. കൂടാതെ, യേശു വെള്ളത്തിൽ സ്നാനം കൊടുത്തില്ല (യോഹന്നാൻ 4:2); യേശു ആർക്കെങ്കിലും സ്നാനം കൊടുത്തിരുന്നെങ്കിൽ അതു പരിശുദ്ധാത്മാവുകൊണ്ടായിരുന്നു.

2. *ആർക്കായിരുന്നു പരിശുദ്ധാത്മ സ്നാനം ലഭിച്ചത്, ആർക്കാണ് ജലസ്നാനം ലഭിച്ചത്?*

പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം വാഗ്ദാനം ചെയ്തിരുന്നതു അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു. സർവ്വനാമങ്ങൾ പരിഗണിച്ചാൽ, യേശു പ്രവൃത്തികൾ 1:2-5-ൽ സംസാരിച്ചിരുന്നതു അപ്പൊസ്തലന്മാരോടാണെന്നു കാണാം. യേശു കല്പന കൊടുത്തതും “അപ്പൊസ്തലന്മാർക്ക്” ആയിരുന്നു (വാക്യം 2). “അവർക്ക്” അവൻ ജീവനുള്ളവനായി കാണിച്ചു കൊടുത്തു, നാല്പതു - ദിവസ കാലയളവിൽ അവൻ ജീവനോടു പ്രത്യക്ഷനായതും, “അവർക്ക്” ആയിരുന്നു (വാക്യം 3), പിതാവിൽ നിന്നുള്ള വാഗ്ദാനം ലഭിക്കുവോളം കാത്തിരിപ്പിൻ എന്നു “അവരോട്” കല്പിച്ചതും, കാത്തിരുന്നതും “അവർ” - അപ്പൊസ്തലന്മാർ - ആയിരുന്നു (വാക്യം 4) അവരോടു പറഞ്ഞു, “നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിക്കും എന്നു കല്പിച്ചു” (വാക്യം 5).

മുൻപു, അവസാനത്തെ അത്താഴ സമയത്തു (യോഹന്നാൻ 13:2, 4) യേശു രഹസ്യമായി തന്റെ ശിഷ്യന്മാരോടു സംസാരിച്ചു (മത്തായി

26:20; ലൂക്കൊസ് 22:14). അവൻ അവർക്കു പരിശുദ്ധാത്മാവിനെ നല്കും എന്നു വാഗ്ദാനം ചെയ്തിരുന്നു. ആത്മാവു അവർക്കു സകലവും ഉപദേശിച്ചുകൊടുക്കുകയും, യേശു പഠിപ്പിച്ചതെല്ലാം അവരെ ഓർപ്പിക്കയും, സകല സത്യത്തിലും അവരെ വഴി നടത്തുകയും ചെയ്യും എന്നു പറഞ്ഞു (യോഹന്നാൻ 14:25, 26; 15:26; 16:12, 13).

പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർക്കായിരുന്നു പരിശുദ്ധാത്മാവു ലഭിച്ചത്. പ്രവൃത്തികൾ 1:26-ൽ അവരോടായിരുന്നു അവൻ അവസാനം സംസാരിച്ചതും പ്രവൃത്തികൾ 2:1-ൽ "അവർക്ക്" ആയിരുന്നു നല്കിയതും. കൂടാതെ, ആളുകളെ അഭിസംബോധന ചെയ്തതും അവരായിരുന്നു (പ്രവൃത്തികൾ 2:14). പുരുഷാരം എന്തു ചെയ്യേണം എന്നു ചോദിച്ചതും അപ്പൊസ്തലന്മാരോടായിരുന്നു (പ്രവൃത്തികൾ 2:6, 37).

പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം അപ്പൊസ്തലന്മാർക്കായിരുന്നു ലഭിച്ചതെങ്കിലും, ജാതികൾ ക്രിസ്ത്യാനികളായപ്പോൾ പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തിയ ഒരു സാഹചര്യവും കാണുന്നുണ്ട്. ദൈവം ജാതികളെയും സ്വീകരിക്കുന്നു എന്നാണ് ഇതു കാണിക്കുന്നതു - രണ്ടാം - കിട ക്രിസ്ത്യാനികളായിട്ടല്ല, യെഹൂദ ക്രിസ്ത്യാനികളോടൊപ്പം തുല്യരായി കണക്കാക്കി (പ്രവൃത്തികൾ 11:15-17). തിരുവെഴുത്തിൻ പ്രകാരം, അപ്പൊസ്തലന്മാർക്കും കൊർന്നെല്യോസിനും അവന്റെ വീട്ടുകാർക്കും സ്നേഹിതർക്കും, മാത്രമായിരുന്നു പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം ലഭിച്ചതു. പൗലൊസിനും പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം ലഭിച്ചിരിക്കണം, കാരണം അവൻ പറഞ്ഞു, "ഞാൻ ഏതുമില്ല എങ്കിലും അതിശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറവുള്ളവനല്ല" (2 കൊരിന്ത്യർ 12:11).

ജലസ്നാനം എന്നതു സകല ജാതികൾക്കും സകല സൃഷ്ടികൾക്കുമുള്ളതാണ് എന്നു യേശു പറഞ്ഞു (മത്തായി 28:19; മർക്കൊസ് 16:15, 16). സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം ആളുകൾക്കു ലഭിച്ചതു ജലസ്നാനം ആയിരുന്നു (പ്രവൃത്തികൾ 2:41; 8:12, 38, 39; 9:18; 10:47, 48; 16:15, 33; 19:5), അല്ലാതെ പരിശുദ്ധാത്മാവുകൊണ്ടുള്ളതല്ല. പത്രൊസിന്റെയും (1 പത്രൊസ് 3:21) പൗലൊസിന്റെയും എഴുത്തുകളെല്ലാം സൂചിപ്പിക്കുന്നതു ക്രിസ്ത്യാനികൾക്കെല്ലാം ലഭിച്ചത് ജലസ്നാനം ആയിരുന്നു എന്നാണ് (റോമർ 6:3, 4; 1 കൊരിന്ത്യർ 1:13; ഗലാത്യർ 3:27; കൊലൊസ്യർ 2:12).

3. *എങ്ങനെയായിരുന്നു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കൊടുത്തതു, എങ്ങനെയായിരുന്നു ജലസ്നാനം കൊടുത്തത്?*

കർത്താവാണ് പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം നടത്തിയതു, അപ്പൊസ്തലന്മാരിലും ആദ്യത്തെ ജാതികളുടെ പരിവർത്തനത്തിലും പരിശുദ്ധാത്മാവിനെ പകർന്നുകൊണ്ടായിരുന്നു (പ്രവൃത്തികൾ 2:4, 17; 10:45). ജലസ്നാനം കൊടുത്തിരുന്ന മനുഷ്യ കൈകളാൽ ആയിരുന്നു, ആളുകളെ വെള്ളത്തിൽ അടക്കുകയും അവരെ വെള്ളത്തിൽ നിന്നു പുറത്തുകൊണ്ടുവരികയും ചെയ്തുകൊണ്ടാണ് (പ്രവൃത്തികൾ 8:38, 39; റോമർ 6:4; കൊലൊസ്യർ 2:12).

4. *ആരുടെ നാമത്തിലായിരുന്നു പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനവും ജലസ്നാനവും കൊടുത്തിരുന്നതു?*

യേശുവിന്റെ നാമത്തിൽ, പിതാവു പരിശുദ്ധാത്മാവിനെ അയക്കും എന്നാണ് യേശു പറഞ്ഞതു, അർത്ഥം യേശുവിന്റെ അധികാരത്തിൽ എന്നാണ് (യോഹന്നാൻ 14:26). "പിതാവിന്റെയും പുത്രന്റെയും, പരി ശുദ്ധാത്മാവിന്റെയും നാമത്തിൽ" ജലസ്നാനം കൊടുക്കുവാനായി രുന്നു യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചത് (മത്തായി 28:19). അങ്ങനെ ചെയ്യുമ്പോൾ, അവർ ജലസ്നാനം കൊടുത്തതു അവന്റെ അധികാരത്തിലായിരുന്നു.

5. *പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനവും ജലസ്നാനവും ലഭി ക്കുവാൻ എന്തായിരുന്നു ആവശ്യം?*

അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിക്കു ന്നതിനുമുൻപു, അവർ യെരുശലേമിൽ കാത്തിരിക്കണമായിരുന്നു (പ്രവൃത്തികൾ 1:4, 5). അത്തരം കാത്തിരിപ്പു കൊർന്നെല്യോസിനും, അവന്റെ വീട്ടിലുള്ളവർക്കും, സ്നേഹിതന്മാർക്കും വേണ്ടിവന്നില്ല. അവ രുടെ ഭാഗത്തുനിന്നും ഒന്നും ആവശ്യപ്പെടാതെ നേരിട്ടു ദൈവം പരി ശുദ്ധാത്മാവിനെ അയക്കുകയായിരുന്നു.

ജലസ്നാനം ലഭിക്കുന്നതിനു, നാം ദൈവവചനം കേൾക്കണം (പ്രവൃത്തികൾ 8:12; 18:8), യേശുവിൽ വിശ്വസിക്കണം (മർക്കൊസ് 16:16), മാനസാന്തരപ്പെടണം (പ്രവൃത്തികൾ 2:38), യേശുവിലുള്ള വിശ്വാസം ഏറ്റുപറയണം (റോമർ 10:9, 10). ഇവയെല്ലാം ചെയ്താൽ, കാത്തിരിക്കേണ്ട ആവശ്യമില്ല (പ്രവൃത്തികൾ 2:41; 8:12, 35–39; 16:33; 22:16; നോക്കുക 9:18).

6. *എന്തടിസ്ഥാനത്തിലായിരുന്നു ഈ സ്നാനങ്ങൾ ലഭിച്ചിരുന്നത്?*

പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം വാഗ്ദാനമായിട്ടാണ് ലഭി ച്ചത് (പ്രവൃത്തികൾ 1:4, 5). ജലസ്നാനം കല്പന അനുസരിക്കുന്ന താണ് (പ്രവൃത്തികൾ 10:48). സ്നാനം കല്പിക്കുകയോ, അല്ലെങ്കിൽ കല്പനയായി ലഭിക്കുകയോ ചെയ്തപ്പോഴെല്ലാം അതു ജലസ്നാനം തന്നെ ആയിരുന്നു. യേശുവിന്റെ ഇഷ്ടം നാം അനുസരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ജലസ്നാനം ലഭിക്കുന്നത്. പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം യേശുവിനെ ആസ്പദമാക്കിയാണിരിക്കുന്നത്. ഈ സ്നാനം യേശു നമുക്കു നല്കിയിട്ടില്ലെങ്കിൽ നമ്മുടെ തെറ്റല്ല; മറിച്ച്, അതു അവന്റെ തിരഞ്ഞെടുപ്പാണ്. നമ്മുടെ പ്രവൃത്തികൾ കൊണ്ടു ലഭിക്കുന്നതല്ല പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം.

7. *പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം ആർക്കു ലഭിച്ചു, ജല സ്നാനം ആർക്ക് ലഭിച്ചു?*

യേശു അപ്പൊസ്തലന്മാർക്കാണ് പെന്തെക്കൊസ്തു നാളിൽ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ നല്കിയത് (പ്രവൃത്തികൾ 1:1–8) പെന്തെക്കൊസ്തു പെരുന്നാളിനിടയിലായിരുന്നു (പ്രവൃത്തികൾ 1:26–2:6, 14, 37). (പിന്നീട്, ആ സാഹചര്യത്തെക്കുറിച്ചു പറഞ്ഞതു "ആദി യിൽ" എന്നാണ്; പ്രവൃത്തികൾ 11:15.) അവൻ കൊർന്നെല്യോസിന്റെ വീട്ടിലുണ്ടായിരുന്നവരേയും പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കഴി

പ്പിച്ചു (പ്രവൃത്തികൾ 11:15–18; നോക്കുക 10:24). പരിശുദ്ധാത്മ സ്നാനം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു ഈ രണ്ടു സന്ദർഭങ്ങളിൽ മാത്രമാണ്.

ജാതികൾക്കും പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിച്ചതിൽ ചില പ്രാധാന്യം ഉള്ളതായി പത്രൊസ് സാക്ഷീകരിക്കുന്നതായി, അവൻ പറഞ്ഞു, "ഞാൻ സംസാരിച്ചുതുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവു ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലും വന്നു" (പ്രവൃത്തികൾ 11:15). പുതുതായി ക്രിസ്ത്യാനികളായവരിൽ ആത്മാവു വരുന്നതായി കണ്ടു എന്നല്ല പത്രൊസ് പറഞ്ഞത്. ആദിയിൽ അപ്പൊസ്തലന്മാർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം ആയിട്ടാണ് കണ്ടതു (പ്രവൃത്തികൾ 2:4).

ഇതിനോടു യോജിച്ചുകൊണ്ടു, ഫ്രെഡറിക് ഡേയിൽ ബ്രൂണർ പത്രൊസിന്റെ പ്രസ്താവനയെക്കുറിച്ചു എഴുതി:

> പരിശുദ്ധാത്മാവു "ആദിയിൽ നമ്മുടെ മേൽ എന്നപോലെ" കൊർന്നെല്യോസിന്റെ വീട്ടിലുള്ളവർക്കു ലഭിച്ചു എന്നാണ് അവൻ ഊന്നി പറയുന്നതു (വാക്യം 15). ഈ അഭിപ്രായം പ്രാധാന്യമുള്ളതാണ്. "എല്ലായ്പ്പോഴും എല്ലാവരിലും എന്നപോലെ" പരിശുദ്ധാത്മാവു അവരുടെ മേൽ വന്നു എന്നല്ല പത്രൊസ് പറഞ്ഞതു. അങ്ങനെയായിരുന്നു എങ്കിൽ, ആദിമ സഭയിൽ എല്ലായ്പ്പോഴും പരിശുദ്ധാത്മാവു ലഭിച്ചതുപോലെ എന്നോ അല്ലെങ്കിൽ സാധാരണ അന്യഭാഷയിൽ സംസാരിക്കുന്നതിനു നല്കി എന്നോ അനുമാനിക്കാമായിരുന്നു. എന്നാൽ പത്രൊസിനു അറിയാമായിരുന്ന "ആദിയിൽ" സംഭവിച്ചതിനെ സമാനതയായി കൈസര്യയിലേക്കു കൊണ്ടുവന്നു പുനസ്ഥാപിക്കുന്നതു ഒരു പക്ഷെ പെന്തെക്കൊസ്തിനുശേഷം പെന്തെക്കൊസ്തു പ്രദർശനം ആണ് അല്ലാതെ മറ്റൊന്നും ആയിരിക്കയില്ല.[1]

പിന്നീട്, ഈ സംഭവത്തെ പത്രൊസ് ചൂണ്ടിക്കാണിക്കുന്നതു "സഹോദരന്മാരേ, കുറെ നാൾ മുമ്പെ ദൈവം നിങ്ങളിൽ വെച്ചു, ഞാൻ മുഖാന്തരം ജാതികൾ സുവിശേഷ വചനം കേട്ടു വിശ്വസിക്കേണം എന്നു നിശ്ചയിച്ചതു നിങ്ങൾ അറിയുന്നുവല്ലൊ. ഹൃദയം അറിയുന്ന ദൈവം, നമുക്കു തന്നതുപോലെ, അവർക്കും പരിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടു സാക്ഷി നിന്നു" (പ്രവൃത്തികൾ 15:7, 8). ജാതികളെ സ്വീകരിക്കേണ്ടതിനു, പത്രൊസ് യെരുശലേമിലുണ്ടായിരുന്ന സഹോദരന്മാരെ ബോധ്യപ്പെടുത്തുവാൻ, ജാതികൾക്കു പരിശുദ്ധാത്മാവിനെ പകർന്നതു തുടർന്നുകൊണ്ടിരിക്കും എന്നു പറഞ്ഞില്ല. പകരം, ജാതികൾക്കു ലഭിച്ചതു ഒരു - സമയ സംഭവമായിരുന്നു, അന്നു കൊർന്നെല്യൊസിന്റെ വീട്ടുകാരിലും സ്നേഹിതന്മാരിലും പരിശുദ്ധാത്മാവുകൊണ്ടു സ്നാനപ്പെടുത്തിയത്. ഈ കാരണങ്ങളാൽ, പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം തുടർന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന ഒന്നല്ല, മറിച്ച്, രണ്ടു വ്യത്യസ്ത സമയങ്ങളിൽ മാത്രം സംഭവിച്ചതാണ്: പെന്തെക്കൊസ്തു നാളിൽ, അപ്പൊസ്തലന്മാർക്കു മാത്രം പരിശുദ്ധാ

ത്മാവുകൊണ്ടു സ്നാനം ലഭിച്ചു, പിന്നെ ജാതികൾക്കു സുവിശേഷത്തിന്റെ വാതിൽ ആദ്യമായി തുറന്നപ്പോഴും. (ഒരുപക്ഷെ മൂന്നാമതു ഒരു പ്രാവശ്യം, പൗലൊസിനും, ശ്രേഷ്ഠതയുള്ള അപ്പൊസ്തലന്മാരിൽ ഒട്ടും കുറവില്ലാതിരിക്കേണ്ടതിനു; 2 കൊരിന്ത്യർ 12:11, 12).

ജലസ്നാനം സകലദേശങ്ങളിലെയും ജനങ്ങൾക്കു കൊടുത്തിരുന്നു. വായിക്കുക പ്രവൃത്തികൾ 2:41; 8:12, 13, 38; 9:18; 10:48; 16:15, 33; 18:8; 19:5; 22:16. ഇവയെല്ലാം ജലസ്നാന സംഭവങ്ങളായിരുന്നു, അവിടെ സ്നാനമേറ്റവരെ സ്നാനപ്പെടുത്തിയതു മനുഷ്യരായിരുന്നു/അല്ലെങ്കിൽ ഒരു കല്പന അനുസരിക്കുന്നതായിരുന്നു. മറ്റു സംഭവങ്ങൾ ലേഖനങ്ങളിൽ കാണുന്നതു (റോമർ 6:3, 4; 1 കൊരിന്ത്യർ 1:13-16; ഗലാത്യർ 3:27; എഫെസ്യർ 4:5; കൊലൊസ്യർ 2:12; 1 പത്രൊസ് 3:21).

8. *പരിശുദ്ധാത്മാവുകൊണ്ടുള്ള ഉദ്ദേശം എന്തായിരുന്നു, ജലസ്നാനത്തിന്റെ ഉദ്ദേശം എന്തായിരുന്നു?*

അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കഴിപ്പിച്ചതു അപ്പൊസ്തലന്മാർക്കു ശക്തി ലഭിക്കേണ്ടതിനായിരുന്നു (പ്രവൃത്തികൾ 1:8), വചനം ഉറപ്പിക്കുന്നതിനായിരുന്നു (മർക്കൊസ് 16:20; എബ്രായർ 2:3, 4), യേശുവിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നതിനുമായിരുന്നു (യോഹന്നാൻ 14:26; 16:13). അതു അപ്പൊസ്തലന്മാരെ യേശുവിന്റെ പ്രത്യേക പ്രതിനിധികളാക്കിത്തീർത്തു, പ്രത്യേകമായ അടയാളങ്ങളാൽ അവരുടെ ജോലിയെ കഴിവുള്ളതാക്കി (2 കൊരിന്ത്യർ 12:12). കൊർന്നെല്യോസിന്റെ കാര്യത്തിൽ, ദൈവം ഈ സ്നാനം ഉപയോഗിച്ചത് ജാതികൾക്കും, ഈ രക്ഷാസുവിശേഷം സ്വീകരിക്കുവാൻ കഴിയുമെന്നു യെഹൂദ ക്രിസ്ത്യാനികളെ ബോധ്യപ്പെടുത്തുവാനും അവരെ ഒന്നാം - കിട ക്രിസ്ത്യാനികളായി കരുതുവാനുമായിരുന്നു (പ്രവൃത്തികൾ 10:47; 11:17; 15:7, 8).

ദൈവം പാപങ്ങൾ ക്ഷമിക്കുന്നതിനുമുൻപു പാപികൾ വിശ്വാസത്തോടെ സ്വീകരിക്കേണ്ട ഒന്നായിരുന്നു ജലസ്നാനം (പ്രവൃത്തികൾ 2:38; കൊലൊസ്യർ 2:12, 13), പാപങ്ങളെ കഴുകി കളയുന്നതിനും (പ്രവൃത്തികൾ 22:16), പാപങ്ങളിൽ നിന്നു രക്ഷിക്കപ്പെടേണ്ടതിനും (മർക്കൊസ് 16:16; 1 പത്രൊസ് 3:21).

9. *രണ്ടു സ്നാനങ്ങളുടെയും ഫലങ്ങൾ എന്തായിരുന്നു?*

പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനത്താൽ, അപ്പൊസ്തലന്മാർ അത്ഭുതങ്ങൾ ചെയ്യുകയും ദൈവവചനം നേരിട്ടു അറിയിക്കുകയും ചെയ്തു (എഫെസ്യർ 3:3-5). ജാതികൾക്കു പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം ലഭിച്ചതിനാൽ, പത്രൊസ് അവർക്കു സ്നാനം കൊടുപ്പാൻ തയ്യാറായി (പ്രവൃത്തികൾ 10:47) അങ്ങനെ അവർക്കു രക്ഷ പ്രാപിക്കുവാനും കഴിഞ്ഞു (മർക്കൊസ് 16:16). ജാതികളിൽ നിന്നു പരിവർത്തനം ചെയ്തവരെ ദൈവം സ്വീകരിക്കകൊണ്ടു അവരുടെ ബന്ധത്തെ യോഗ്യമായി കരുതാം എന്നു യെഹൂദ ക്രിസ്ത്യാനികളെ ബോധ്യമാക്കി (പ്രവൃത്തികൾ 11:17, 18).

ജലസ്നാനത്തിന്റെ ഫലമായി പാപമോചനവും (പ്രവൃത്തികൾ 2:38), ഒരു പുതിയ ജീവിതവും (റോമർ 6:4) ശരീരത്തിലെ അംഗത്വവും

(1 കൊരിന്ത്യർ 12:13), ക്രിസ്തുവിന്റെ സഭയിലാക്കുകയും ചെയ്യുന്നു (എഫെസ്യർ 1:22, 23).

10. *ഈ രണ്ടു സ്നാനങ്ങൾക്കുശേഷം ഉടനെ എന്താണ് സംഭവിക്കുന്നത്?*

പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിച്ചവർ അന്യഭാഷയിൽ സംസാരിച്ചു (പ്രവൃത്തികൾ 2:4; 10:45, 46). ജലസ്നാനം ലഭിച്ചവർക്കു സന്തോഷം ഉണ്ടായി (പ്രവൃത്തികൾ 8:39; 16:33, 34).

ഈ രണ്ടു സ്നാനങ്ങളെയും അവലോകനം നടത്തിയാൽ, ഏതാണ് തുടരുന്നതെന്നും ഇന്നു എല്ലാ ആളുകളെയും ബാധിക്കുന്നത് ഏതാണ് എന്നും കാണുവാൻ കഴിയും. പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം പരിമിതമായ ആളുകൾക്കു മാത്രം ഉള്ളതായിരുന്നു, എന്നാൽ ജലസ്നാനം സകല ദേശക്കാർക്കും എല്ലാ കാലത്തേക്കും ഉള്ളതാണ്. എല്ലാ പാപികൾക്കും രക്ഷിക്കപ്പെടേണ്ടതിനു ആവശ്യമുള്ളതാണ് ജലസ്നാനം. പരിശുദ്ധാത്മാവു കൊണ്ടുള്ള സ്നാനം അപ്പൊസ്തലന്മാരിൽ ക്രിസ്തുവിന്റെ വചനം നല്കുകയും പുതിയ നിയമത്തിൽ അവ ഉറപ്പിച്ചു വെളിപ്പെടുത്തുകയും ചെയ്യുന്നു. യെഹൂദന്മാർ ക്രിസ്ത്യാനികളായിത്തീർന്ന അതേ നിലയിൽ, ജാതികളായിരുന്ന നമുക്കു ക്രിസ്തു മുഖാന്തരം രക്ഷ ലഭിക്കുമെന്നും നമ്മെയും ദൈവം സ്വീകരിക്കും എന്ന തെളിവാണ് ജാതികളുടെ വിവരണത്തിൽ നിന്നു കിട്ടുന്നത്.

## ചുരുക്കം

പരിശുദ്ധാത്മ സ്നാനം ദൈവപദ്ധതിക്കായി അപ്പൊസ്തലന്മാരെ വലിയ ദൗത്യത്തിനായി തയ്യാറാക്കുന്നതിനും ജാതികൾക്കു വാതിൽ തുറന്നു കൊടുക്കുന്നതിനുമായിരുന്നു. ആ ഉദ്ദേശം നിറവേറ്റിയതുകൊണ്ടു, പരിശുദ്ധാത്മാവിന്റെ അത്തരത്തിലുള്ള പ്രവർത്തനം അവസാനിച്ചു. ജലസ്നാനം ഇന്നും സകലദേശക്കാർക്കും യേശുക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷ ആഗ്രഹിക്കുന്നവർക്കു തുടരുകയും ചെയ്യുന്നു.

---

കുറിപ്പ്

[1]ഫ്രെഡറിക്ക് ഡെയിൽ ബ്രൂണർ, *എ തിയോളജി ഓഫ് ദ ഹോളി സ്പിരിറ്റ്: ദ പെന്റെകോസ്റ്റൽ എക്സ്പീരിയൻസ് ആന്റ് ദ ന്യൂ ടെസ്റ്റമെന്റ് വിറ്റ്നെസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1970), 194.

---

## സ്നാനത്തിന്റെ അർത്ഥം

ജോൺ സ്റ്റോട്ട് എഴുതി, "ആദ്യം, സ്നാനത്തിന്റെ അർത്ഥം സന്ദർഭ

ത്തിൽ എതിരായി പറയുന്നില്ലെങ്കിൽ ജലസ്നാനമാണ് .... എന്നാൽ എപ്പോഴെല്ലാം 'സ്നാനം' 'സ്നാനപ്പെട്ടു' എന്നു വരുമ്പോൾ, സ്നാനത്തിന്റെ മൂലകം പറയുന്നില്ലെങ്കിൽ, സൂചിപ്പിക്കുന്നതു, ജലസ്നാനം ആണ്. ജലസ്നാനത്തെക്കുറിച്ചു പറയാത്തപ്പോൾ എങ്ങനെയായാലും, മറ്റൊരു സ്നാനമൂലകമായിട്ടാണ് പറഞ്ഞിരിക്കുന്നത്; ഉദാഹരണമായി 'ആത്മാവുകൊണ്ട്.' "[1]

ഇതിനോടു ആൽബ്രെറ്റ് ഒയേപ്കെ യോജിക്കുന്നു: "സന്ദർഭത്തിൽ മറ്റൊന്നു സൂചിപ്പിക്കുന്നില്ലെങ്കിൽ പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന സ്നാനം ജല സ്നാനമായി കണക്കാക്കണം. സാങ്കേതികമായി സ്നാനം എന്നാൽ 'വെള്ളത്തിൽ സ്നാനമേല്പിക്കുക' എന്നാണ്. അതുകൊണ്ട് പ്രത്യേകമായി മാധ്യമത്തെ പറയേണ്ട ആവശ്യമില്ല."[2]

---

കുറിപ്പുകൾ

[1]ജോൺ സ്റ്റോട്ട്, *റോമൻസ്: ഗോഡ്സ് ഗുഡ് ന്യൂസ് ഫോർ ദ വേൾഡ്* (ഡൗണേഴ്സ് ഗ്രോവ്, Ill., ഇന്റർവാഴ്സിറ്റി പ്രെസ്സ്, 1994), 173. [2]ആൽബ്രെറ്റ് ഒയേപ്കെ, *"ബാപ്റ്റിസോ," തിയോളൊജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, വാല്യം 1, എഡി. ഗെർഹാർഡ് കിറ്റെൽ, ട്രാൻസ്. ജെഫ്രി ഡബ്ലിയു. ബ്രോമിലെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ളിയു എം. ബി. ഏർഡ്മാൻസ് പബ്ളിഷിങ്ങ് കമ്പനി., 1964), 539.

© 2009 Truth for Today